പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2491 08.03.2017 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തിന്റെ കായിക മുന്നേറ്റം

ചോദ്യം. ഉത്തരം

ശ്രീ.തോമസ് ചാണ്ടി ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും

യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തിന്റെ കായിക മുന്നേറ്റത്തിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | എ) | 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കായിക അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്പെഷ്യൽ പദ്ധതി പ്രകാരം സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്ക് മൾട്ടിപർപ്പസ് സ്റ്റേഡിയങ്ങളും, സ്പോർട്സ് ഇൻഫ്രാ സ്ട്രക്ച്ചർ ഫെസിലിറ്റീസ്, കമ്മ്യൂണിറ്റി ഹെൽത്ത് പാർക്കുകൾ മുതലായവ നിർമ്മിച്ചു നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും മികച്ച കായിക പ്രതിഭകളെ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് അർഹതയുള്ള കായിക താരങ്ങൾക്കും, സ്കൂളുകൾക്കും, സംഘടനകൾക്കും, ക്ലബ്ബുകൾക്കും ഈ വകുപ്പ് മുഖേന ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ സ്കൂൾ പ്രൈമറി തലം മുതലുള്ള കുട്ടികളിലെ കായിക അഭിരുചി വളർത്തിയെടുക്കുന്നതിനായി പ്ലേ ഫോർ ഹെൽത്ത് പദ്ധതി ഈ വകുപ്പ് മുഖേന തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഘട്ടം ഘട്ടമായി മറ്റു ജില്ലകളിലും നടപ്പാക്കുന്നതാണ്.<br><br>ഇവ കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br>1) ഗ്രാന്റ്-ഇൻ-എയ്ഡ് നിയമപ്രകാരം സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും ദേശീയ/മേഖലാ മത്സരങ്ങൾ സംസ്ഥാനത്തിനകത്ത് സംഘടിപ്പിക്കുന്നതിനും ദേശീയ മേഖലാ മത്സരങ്ങൾക്ക് മുന്നോടിയായി നടക്കുന്ന പരിശീലന ക്യാമ്പിനും |

മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും മറ്റുമായി കൗൺസിൽ ഗ്രാന്റ് നൽകി വരുന്നു.വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സ്റ്റേഡിയം/ കളിസ്ഥലം, നീന്തൽക്കുളം എന്നിവയുടെ നിർമ്മാണത്തിനും, നവീകരണത്തിനുമായി കൗൺസിൽ ധനസഹായം നൽകി വരുന്നു.

(2) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 24 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, 51 കോളേജ് സ്പോർട്സ് ഹോസ്റ്റൽ, 24 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കായിക താരങ്ങൾക്ക് പ്രതിദിനം 200/- രൂപ നിരക്കിൽ ഡി.എ യും പ്രതിമാസം 100/- രൂപ നിരക്കിൽ വാഷിംഗ് അലവൻസും അനുവദിച്ചു വരുന്നു.

(3) കൗൺസിലിന്റെ കീഴിൽ അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കായിക താരങ്ങളെ ഏഷ്യൻ/ കോമൺവെൽത്ത്/ഒളിമ്പിക് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തി എടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(4) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സെന്ററുകളിലെ ട്രെയിനർമാർക്ക് പ്രതിമാസം 4.000 -രൂപ, 7.000/- രൂപ, 1.000/- രൂപ, 20.000/- രൂപ എന്ന ക്രമത്തിൽ വേതനം നൽകി വരുന്നുണ്ട്.

(5) 14 ജില്ലകളിലായി വിവിധ കായിക ഇനങ്ങളിൽ 108 ഡേ ബോർഡിംഗ് സെന്ററുകൾ, 14 സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. അവശത അനുഭവിക്കുന്ന മുൻകാല കായിക താരങ്ങളെ സഹായിക്കുന്ന പദ്ധതി പ്രകാരം

| | | | |
|---|---|---|---|
| | | | സംസ്ഥാന സ്പോർട്സ് കൗൺസിൽ മുൻകാല കായിക താരങ്ങൾക്ക് പ്രതിമാസം 1100/-, 850/-, 600/- രൂപ നിരക്കിൽ പെൻഷൻ/ഫാമിലി പെൻഷൻ നൽകി വരുന്നു.<br><br>(6) പുരുഷ, വനിതാ വിഭാഗങ്ങളിലായി 2 കായിക താരങ്ങൾക്ക് ജി.വി.രാജ അവാർഡ് നൽകി വരുന്നു. മൂന്നു ലക്ഷം രൂപയും, ഫലകവും, പ്രശംസാ പത്രവും അടങ്ങുന്നതാണ് അവാർഡ്.<br><br>(7) 2020-2024 ഒളിമ്പിക്സിൽ കേരളത്തിൽ നിന്നുള്ള കായിക താരങ്ങൾക്ക് മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി "ഓപ്പറേഷൻ ഒളിമ്പിയ" പദ്ധതി ആവിഷ്ക്കരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>(8) സംസ്ഥാനത്ത് സ്പോർട്സ് & ഗെയിംസിന്റെ ഉന്നമനത്തിനായി ഒരു കായിക സർവ്വകലാശാല സ്ഥാപിയ്ക്കുവാൻ ആവശ്യമായ നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചു വരുന്നു |
| ബി) | എല്ലാ കായിക ഇനങ്ങൾക്കും അന്തർദേശീയ നിലവാരത്തിൽ പരിശീലനം നൽകുന്നതിനു നടപടികൾ സ്വീകരിക്കുമോ? | ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള എല്ലാ കായിക ഇനങ്ങൾക്കും അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ